# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. സ്വകാര്യവൽക്കരണം

2199 ശ്രീ. പി. കെ. ഗുരുദാസൻ
,, എളമരം കരീം
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യെ സ്വകാര്യവല്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതുജനങ്ങളുടെയും തൊഴിലാളികളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പുനഃസംഘടനാ പ്രവർത്തനങ്ങളിലൂടെയും ധനസഹായങ്ങൾ നൽകിക്കൊണ്ടും മുൻസർക്കാർ കെ. എസ്. ആർ. ടി. സി.യെ കാര്യക്ഷമമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്വകാര്യവൽക്കരണത്തിന്റെ ആരംഭമെന്ന നിലയിൽ നടത്തുന്നതായ നടപടികളിൽ നിന്ന് പിന്തിരിയാൻ തയ്യാറാകുമോ;

(ഡി) സ്വകാര്യവൽക്കരണത്തിന് തുടക്കമെന്ന നിലയിൽ വിജ്ഞാപനം ചെയ്ത ഏതെങ്കിലും റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റു നൽകാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

വിദ്യാർത്ഥികളുടെ യാത്രാ കൺസഷൻ നിരക്ക്

2200 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ. എസ്. ആർ. ടി. സി. ബസുകളിൽ വിദ്യാർത്ഥികൾക്കുള്ള യാത്രാ കൺസഷൻ നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന് മുമ്പ് എന്നാണ് കൺസഷൻ നിരക്കിൽ വർദ്ധനവ് വരുത്തിയതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വർദ്ധനവിലൂടെ കെ. എസ്. ആർ. ടി. സി ക്ക് എത്ര രൂപയുടെ അധിക വരുമാനമാണ് ഓരോ മാസവും ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ആർ.ടി.സി. ക്ക് സർക്കാർ ധനസഹായം കാലാകാലങ്ങളിൽ ലഭ്യമാക്കുന്നത് പരിഗണിച്ച് കൺസഷൻ നിരക്ക് വർദ്ധനവ് പിൻവലിക്കുമോ ?

# കേരള നിയമസഭ

## 10.10.2011-ലെ മറുപടിക്ക്

**<u>ബസുകൾ തകർക്കുന്നവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിനു നടപടി</u>**

2201 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ വില വർധനവിനെ തുടർന്ന് ഈയിടെ സംസ്ഥാനത്തുണ്ടായ രണ്ട് ഹർത്താലുകൾ മൂലം കെ.എസ്.ആർ.ടി.സി. ക്ക് എത്ര ലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത ഹർത്താലുകളിൽ ബസുകൾ തകർക്കുകയുണ്ടായോ; എങ്കിൽ എത്ര ബസുകൾ; ഇപ്രകാരം എത്ര രൂപയുടെ നഷ്ടം സംഭവിച്ചതായി കരുതുന്നുണ്ട്;

(സി) കോർപ്പറേഷൻ വക ബസുകൾ തകർക്കുന്നവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിനും തക്കതായ ശിക്ഷ നൽകുന്നതിനുമായി ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം നിയമ വിദഗ്ദ്ധരുമായാലോചിച്ച് പ്രാവർത്തികമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യുടെ വരുമാനം
വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

2202 ശ്രീ. പാലോട് രവി
,, ഹൈബി ഈഡൻ
,, വി. ടി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ തൊഴിലാളികളുടെയും വിദഗ്ധരുടെയും അഭിപ്രായങ്ങൾ കൂടി കണക്കിലെടുക്കുമോ;

(ബി) ഈ പദ്ധതികൾ എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യെ പുനരുദ്ധരിക്കാൻ പദ്ധതികൾ

2203 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ ആകെ എത്ര ജീവനക്കാരുണ്ട് ;

(ബി) കെ.എസ്.ആർ.ടി.സി യിൽ നഷ്ടം വരുന്നതിനുള്ള കാരണങ്ങൾ എന്താണ് ;

(സി) കെ.എസ്.ആർ.ടി.സി യെ പുനരുദ്ധരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) 2006-07 മുതൽ 2010-11 വരെ ഓരോ വർഷവും, കെ.എസ്.ആർ.ടി.സി ക്ക് നൽകിയ തുകകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) 2011-12 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.ക്ക് വകകൊള്ളിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) കെ.എസ്.ആർ.ടി.സി ഈ വർഷം എത്ര ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യുടെ ഓപ്പറേറ്റിംഗ് റേഷ്യോ

2204 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനദണ്ഡങ്ങൾ അനുസരിച്ച് കെ. എസ്. ആർ. ടി. സി. യുടെ ഓപ്പറേറ്റിംഗ് റേഷ്യോ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2011 ജൂൺ മുതലുള്ള ഓരോ മാസവും ഇതെത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പുതിയ ബസ്സുകൾ വാങ്ങുന്നതിന് നടപടി</u>

2205 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഈ വർഷം എത്ര പുതിയ ബസ്സുകൾ വാങ്ങുന്നതിന് തീരുമാനിച്ചു;

(ബി) പുതിയ ബസ്സുകൾ എന്നുമുതൽ നിരത്തിലിറക്കാൻ കഴിയും;

(സി) ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ ലാഭം/നഷ്ടം എത്രയാണ്;

(ഡി) എത്ര വർഷം പഴക്കമായ ബസ്സുകൾ വരെ ഇപ്പോൾ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>സര്‍വ്വീസ് കാര്യക്ഷമമാക്കുന്നതിന് നടപടി</u>

2206 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ആര്‍. ടി. സി ബസ്സുകള്‍ ലാഭകരമായി സര്‍വ്വീസ് നടത്തുന്നതിന് ഒരു കിലോ മീറ്ററില്‍ നിന്നും മിനിമം എത്ര രൂപ ലഭിക്കണമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തില്‍ (ഇ.പി.കെ.എം) ഒരു കിലോ മീറ്ററില്‍ നിന്നു ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ് ;

(സി) വരുമാനം മെച്ചപ്പെടുത്തുവാനും ചെലവുകള്‍ കറയ്ക്കുവാനും കെ. എസ്. ആര്‍ ടി. സി സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ബസ്സ് ചാർജ് വർദ്ധന</u>

2207 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് വർദ്ധിപ്പിച്ച ബസ്സ് നിരക്കുകൾ കിലോമീറ്റർ/ഫെയർസ്റ്റേജ് അടിസ്ഥാനത്തിൽ പ്രത്യേകം ലഭ്യമാക്കുമോ ;

(ബി) ഇത്ര വലിയ തോതിൽ ബസ്സ് ചാർജ് വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

ബസ്സുകളുടെ നിർമ്മാണ വർഷം

2208 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിലവിൽ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ നിർമ്മാണ വർഷം ഏതെന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ബസ്സുകൾ ഉൾപ്പെടുത്തി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. വരുമാനം വർദ്ധിപ്പിക്കാൻ നടപടി</u>

2209 ശ്രീ. കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ കൈവശമുള്ള ഭൂമി ലാഭകരമായി വിനിയോഗിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ക്ക് വരുമാനം ഉണ്ടാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിക്കാൻ നിശ്ചയിച്ച എത്ര പദ്ധതികൾ നിർമ്മാണം ആരംഭിച്ചു;

(സി) എത്ര പദ്ധതികൾ പ്രവർത്തനമാരംഭിച്ചു;

(ഡി) പുതിയതായി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ചരക്കുഗതാഗത മേഖലയിലെ പ്രശ്നങ്ങൾ

2210 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരക്കുഗതാഗത മേഖലയിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ചരക്കുഗതാഗത നിയന്ത്രണ അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

2211 ശ്രീ. എം. പി . അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ധന വിലയിലുണ്ടാകുന്ന വർദ്ധനവ് നേരിടുന്നതിനും നഷ്ടം ഒഴിവാക്കാൻ ഉദ്ദേശിച്ചും കെ. എസ്. ആർ. ടി. സി വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപഭോഗനിയന്ത്രണത്തിനുമുള്ള പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ; വിശദവിവരം നല്കാമോ ;

(ബി) ഇതോടൊപ്പം പ്രവർത്തനനഷ്ടവും ഭരണച്ചെലവും ലഘൂകരിക്കാൻ പദ്ധതികളെന്തെങ്കിലും ഉണ്ടോ ;

(സി) കെ. എസ്. ആർ. ടി. സി വാഹനങ്ങളിൽ എൽ. പി. ജി ഇന്ധനമായി ഉപയോഗിക്കുന്നതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ വാതക പൈപ്പ്ലൈൻ സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ;

(ഇ) കെ. എസ്. ആർ. ടി. സി യുടെ പ്രതിദിന ഡീസൽ ഉപയോഗം എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിൽ സീസൺ ടിക്കറ്റ് സമ്പ്രദായം</u>

2212 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ഏതെല്ലാം റൂട്ടുകളിൽ സീസൺ ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) സീസൺ ടിക്കറ്റ് സമ്പ്രദായം വിജയകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) കെ. എസ്. ആർ. ടി. സി.സർവ്വീസിനെ ദിനം പ്രതി ആശ്രയിക്കുന്ന ദീർഘദൂരയാത്രക്കാർക്കായി തിരഞ്ഞെടുത്ത റൂട്ടുകളിൽ സീസൺ ടിക്കറ്റ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സിയിൽ സീസൺ ടിക്കറ്റ് സമ്പ്രദായം</u>

2213 ശ്രീ.പി.സി. ജോർജ്

,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരെ കെ.എസ്.ആർ.ടി.സി.ബസ്സുകളിലേക്ക് ആകർഷിക്കുന്നതിന് ഉതകുന്ന കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുവോ ;

(ബി) സ്ഥിരം യാത്രക്കാർക്കായി കെ.എസ്.ആർ.ടി.സി.യിൽ സീസൺ ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് വ്യാപകമായി കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരം യാത്രികർക്ക് സീസൺ ടിക്കറ്റ് ഏർപ്പെടുത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>നിയമപരിപാലന സംവിധാനം കാര്യക്ഷമമാക്കാൻ നടപടി</u>

2214 ശ്രീ. ഷാഫി പറമ്പിൽ
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിന്റെ നിയമപരിപാലന സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി വിജയകരമാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ആവശ്യമുള്ള ജീവനക്കാരെ നിയോഗിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ</u>

2215 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട് ;

(ബി) ഇങ്ങനെ പുതിയതായി വാങ്ങിയ ബസ്സുകളിൽ എത്ര ബസ്സുകൾ വൈക്കം ഡിപ്പോയിൽ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ

2216 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിലവിൽ നഷ്ടത്തിൽ ഓടുന്ന ഷെഡ്യൂളുകൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിലെ ഡിപ്പോകളിൽ നിലവിൽ നഷ്ടത്തിൽ ഓടുന്ന ഷെഡ്യൂളുകളുടെ വിവരം ഡിപ്പോ തിരിച്ച് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ അതത് ഡിപ്പോകളിൽ നിലനിർത്തി റീ-ഷെഡ്യൂൾ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>അപകട നിരക്കും ഗതാഗത കുരുക്കും</u>

2217 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന വർദ്ധനവിനാൽ അപകടനിരക്കും ഒപ്പം ഗതാഗത കുരുക്കും വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി സമഗ്രമായ ഒരു സർവ്വെ നടത്തി പരിഹാര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>എണ്ണ - വാതക - രാസവസ്തുക്കൾ വഹിച്ചുകൊണ്ടുള്ള ഗതാഗതം</u>

2218 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരത്തുകളിലൂടെ എണ്ണ - വാതക - രാസവസ്തുക്കൾ വഹിച്ചുകൊണ്ടുള്ള ഗതാഗതം സുരക്ഷിതമാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുവോ;

(ബി) രാസവസ്തു ഗതാഗതം കൂടിയ അളവിലുള്ള ജില്ലകൾ ഏതെല്ലാമാണ്;

(സി) എറണാകുളം ജില്ലയിൽ മാത്രം, എണ്ണ - വാതക ഉല്പന്നങ്ങൾ വഹിച്ചുകൊണ്ടുള്ള വാഹനങ്ങൾ പ്രതിദിനം ശരാശരി എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ബസ്സുകൾക്കു പോലും സുഖയാത്ര അപ്രാപ്യമായ നമ്മുടെ നിരത്തുകളിലൂടെ ഇത്തരം രാസവസ്തുക്കൾ വഹിച്ചുകൊണ്ട് അപകടകരമായ നിലയിൽ സഞ്ചരിക്കുന്ന ബുളളറ്റ് ട്രാക്കുകൾക്കും, ടാങ്കറുകൾക്കും ബദലായി ജലഗതാഗതം പ്രാവർത്തികമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രാസുരക്ഷിതത്വം</u>

2219 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം ആരംഭിച്ച് കരിക്കകം സ്കൂൾ വാൻ അപകടത്തിനു ശേഷം ഇതുവരെ മോട്ടോർ വാഹന വകുപ്പ് സ്കൂളുകളിലും കോളേജുകളിലും കുട്ടികളെ എത്തിക്കുന്ന വാഹനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വാഹനങ്ങൾ പരിശോധിച്ചു; ഇതിൽ സ്കൂൾ കോളേജ് അധികൃതരുടെ വാഹനങ്ങൾ എത്ര; സ്വകാര്യ വാഹനങ്ങൾ എത്ര;

(ബി) പ്രസ്തുത വാഹന പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തി; ഇതിന്റെ പേരിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) വിദ്യാർത്ഥികളെ കൊണ്ടു പോകുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെയും അതിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടേയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനാപകടങ്ങൾ</u>

2220 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സഞ്ചാരക്ഷമമല്ലാത്ത വാഹനങ്ങൾ റിപ്പയർ ചെയ്ത് സ്കൂൾ വാഹനങ്ങളായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ;

(ഡി) സ്കൂൾ വാഹനങ്ങൾ നിയമങ്ങളും വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷ</u>

2221 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളെ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പഴക്കം ചെന്നതും ഗതാഗതത്തിന് യോഗ്യമല്ലാത്തുമായ വാഹനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) മതിയായ യോഗ്യതയും പരിചയവുമില്ലാത്ത ഡ്രൈവർമാരെ നിയമിക്കുന്നതിനാൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തിന് മുഴുവൻ ബാധകമായ വിധത്തിൽ വിദ്യാർത്ഥികളുടെ യാത്രാസുരക്ഷ ഉറപ്പാക്കുവാൻ സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>അനധികൃത സ്കൂൾ വാഹനങ്ങൾ</u>

2222 ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളെ അനധികൃത വാഹനങ്ങളിൽ അയയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ഇതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടോ എന്നു ഉറപ്പു വരുത്താൻ ആർക്കാണ് ചുമതല നൽകിയിരിക്കുന്നത്?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

യാത്ര പോകാൻ വിസമ്മതിക്കുന്ന ഓട്ടോറിക്ഷകൾ

2223 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേസ്റ്റേഷനുകളിലും ബസ്സ്റ്റാന്റുകളിലും വന്നിറങ്ങുന്ന യാത്രക്കാർക്ക് തുടർ യാത്രയ്ക്ക് ഓട്ടോറിക്ഷ ലഭിക്കാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) യാത്രക്കാർക്ക് പോകേണ്ട സ്ഥലം അന്വേഷിച്ചശേഷം ചില റൂട്ടുകളിൽ യാത്ര പോകാൻ വിസമ്മതിക്കുന്നതും അമിത കൂലി ഈടാക്കുന്നതും സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം പോലെയുള്ള നഗരങ്ങളിൽ ഓട്ടോറിക്ഷകൾക്ക് പുതിയ പെർമിറ്റുകൾ നൽകാറില്ലെന്നും സമീപ പഞ്ചായത്തുകളിൽ നിന്നും എത്തുന്ന ഓട്ടോറിക്ഷകളാണ് നിയമങ്ങൾ ലംഘിക്കുന്നത് എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അന്യസ്ഥലങ്ങളിൽ നിന്ന് വരുന്ന യാത്രക്കാരെയാണ് കൂടുതൽ ബുദ്ധിമുട്ടിക്കുന്നതെന്ന പരാതികൾ ഗൗരവമായി കാണുമോ;

(ഇ) തദ്ദേശീയരും സംസ്ഥാനത്തിനു പുറത്തുള്ളവരുമായ യാത്രക്കാരോട് ഒരു വിഭാഗം ഓട്ടോറിക്ഷക്കാർ മോശമായി പെരുമാറുന്നതും അമിത കൂലി ഈടാക്കുന്നതും നാടിനെക്കുറിച്ച് മോശമായ അഭിപ്രായം ഉണ്ടാക്കുന്നു എന്ന കാര്യം പരിശോധിക്കുമോ;

(എഫ്) കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശങ്ങളിൽ ഒരോ സ്ഥലത്തും ഓട്ടോറിക്ഷകൾക്ക് പെർമിറ്റും പ്രത്യേക തിരിച്ചറിയൽ നമ്പരും നൽകി അവയെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ബസുകളുടെ ബോഡി നിര്‍മ്മാണം</u>

2224 ശ്രീ. ജോസ് തെറ്റയില്‍
,, സി.കെ. നാണു
,, മാത്യു റ്റി. തോമസ്
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ എത്ര വര്‍ക്ക്ഷോപ്പുകളില്‍ കെ.എസ്. ആര്‍.ടി.സി. ബസ്സുകളുടെ ബോഡി ബില്‍ഡിംഗ് നടക്കുന്നുണ്ട്;

(ബി) അവയില്‍ ഓരോന്നില്‍ നിന്നും എത്ര ബസ്സുകള്‍ പ്രതിമാസം ഇറങ്ങുന്നുണ്ട്;

(സി) ഇതു സംബന്ധിച്ച വിശദാംശങ്ങള്‍ നല്‍കാമോ;

(ഡി) കെ.എസ്.ആര്‍.ടി.സി. ബസ്സുകളുടെ ദൗര്‍ലഭ്യം കണക്കിലെടുത്ത് കൂടുതല്‍ ബസ്സുകള്‍ ബോഡി ബില്‍ഡിംഗ് നടത്തി നിരത്തിലിറക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കംഫർട്ട് സ്റ്റേഷനുകൾ തുറന്നുകൊടുക്കാൻ നടപടി</u>

2225 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.ബസ്സ്സ്റ്റാൻഡുകളിൽ ഭൂരിപക്ഷം മൂത്രപ്പുരകളും കംഫർട്ട് സ്റ്റേഷനുകളും താഴിട്ടു പൂട്ടിയാത്രക്കാർക്ക് വിലക്കേർപ്പെടുത്തിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമൂലം പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് യാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബഹുഭൂരിപക്ഷം ബസ്സ്സ്റ്റാന്റുകളിലും ഒരേ സമയം ഇവ അടച്ചുപൂട്ടാനുണ്ടായ സാഹചര്യം പരിശോധിക്കുമോ ;

(ഡി) ഇവ എത്രയും വേഗം യാത്രക്കാർക്ക് തുറന്നുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) അറ്റകുറ്റപ്പണികൾ ആവശ്യമുള്ളിടത്ത് അവ ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. കൊറിയർ പദ്ധതി

2226

ശ്രീ. ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൊറിയർ പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ കോർപ്പറേഷന് സ്വകാര്യസംരംഭകരുടെ സഹകരണം ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) എങ്കിൽ ഇവരുടെ സഹകരണം എങ്ങനെ വിനിയോഗിക്കാമെന്നാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കംഫര്‍ട്ട് സ്റ്റേഷനുകള്‍ ഏര്‍പ്പെടുത്താന്‍ നടപടി</u>

2227 ശ്രീ. എ. കെ. ശശീന്ദ്രന്‍
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആര്‍.ടി.സി. ബസ്സ് സ്റ്റാന്റുകളില്‍ യാത്രക്കാര്‍ക്ക് പ്രാഥമിക ആവശ്യങ്ങള്‍ക്കായി ഉപയോഗയോഗ്യമായ എത്ര കംഫര്‍ട്ട് സ്റ്റേഷനുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആര്‍.ടി.സി. ബസ്സ് സ്റ്റാന്റുകളില്‍ കംഫര്‍ട്ട് സ്റ്റേഷന്‍ ഇല്ലാത്തവ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ ബസ്സ് സ്റ്റാന്റുകളിലെല്ലാം 'പേ ആന്റ് യൂസ്' സംവിധാനത്തോടുകൂടിയ ടോയ്ലറ്റ് ഏര്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സ് വ്യവസായം നേരിടുന്ന പ്രതിസന്ധികൾ</u>

2228 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സ് വ്യവസായം നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രതിസന്ധികളെക്കുറിച്ച് പഠിച്ച് പരിഹാര നടപടികൾ നിർദ്ദേശിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ ;

(സി) ബസ്സുകളുടെ എണ്ണം കുറയുന്നത് മൂലം യാത്രാക്ലേശം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.കളിലെ ഡ്രൈവർമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച്

2229 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പൂർണ്ണദിവസത്തിൽ ഒരു കെ.എസ്.ആർ.ടി.സി. ഡ്രൈവർക്ക് നല്കുന്ന പരമാവധി ഡ്യൂട്ടി എത്ര മണിക്കൂറാണ് ; കെ.എസ്;ആർ.ടി.സി. യുടെ ഏറ്റവും ദൈർഘ്യമേറിയ ബസ് റൂട്ട് ഏതാണ് ;

(ബി) ഒരു ഡ്രൈവർക്ക് നൽകാവുന്ന പരമാവധി ഡ്യൂട്ടിസമയം കൊണ്ട് കേരളത്തിലെ ഏറ്റവും ദൈർഘ്യമേറിയ റൂട്ട് കവർ ചെയ്യാൻ സാധിക്കുമോ ;

(സി) ഇല്ലെങ്കിൽ യാത്രക്കിടയിൽ ഡ്യൂട്ടി ചെയ്ഞ്ച് ചെയ്യാറുണ്ടോ ;

(ഡി) ട്രാൻസ്പോർട്ട് ബസ്സിൽ 20 മുതൽ 37 മണിക്കൂർ വരെ തുടർച്ചയായി ഡ്യൂട്ടി ചെയ്യുന്ന ഡ്രൈവർമാരെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്രയും സുദീർഘമായി ജോലി ചെയ്യുമ്പോൾ ഉണ്ടാകാവുന്ന ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ ;

(എഫ്) ഏത് സാഹചര്യത്തിലാണ് ഇത്രയും സുദീർഘമായ സമയം ഡ്യൂട്ടി നിശ്ചയിച്ച് നല്കുന്നതെന്ന് അറിയിക്കുമോ ;

(ജി) ഇതൊഴിവാക്കി ജോലിഭാരവും സമയവും നിജപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിലെ താൽകാലിക നിയമനം</u>

2230 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യിൽ വിവിധ തസ്തികകളിൽ താൽകാലിക നിയമനത്തിന് വ്യാജ ഉത്തരവുകൾ നൽകി ചിലർക്ക് നിയമനം ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കെ. എസ്. ആർ. ടി. സി.യിലെ താൽകാലിക നിയമനം ചീഫ് ഓഫീസിലെ നടപടി ക്രമമനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ നടന്നിട്ടുള്ളത് എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>എം.പാനൽ ജീവനക്കാരുടെ വേതനം</u>

2231 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എം.എ. വാഹീദ്
,, ജോസ് വാഴക്കൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാര അധികാരമേറ്റ ശേഷം എം.പാനൽ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ് ;

(സി) കെ.എസ്.ആർ.ടി.സി യിലെ തൊഴിലാളി താല്പര്യം സംരംക്ഷിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നു വ്യക്ത മാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക്</u>
<u>വിശ്രമിക്കാൻ സൗകര്യം</u>

2232 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ എത്ര വനിതാ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവിടെ വനിതകളും മറ്റുള്ളവരുമായ ജീവനക്കാർക്ക് വിശ്രമിക്കാൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വിരമിക്കൽ ആനുകൂല്യങ്ങൾ സംബന്ധിച്ച്</u>

2233 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കെ.എസ്.ആർ.റ്റി.സി ഡിപ്പോയിൽ നിന്നും ഒന്നാം ഗ്രേഡ് ഇൻസ്പെക്ടർ ആയിരിക്കെ 31.03.2011-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. തോമസ് എം. മാമന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നാളിതുവരെ നൽകാത്തത് എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി വന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത പെൻഷണർക്ക് ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. വെൽഫെയർ ഓഫീസർ</u>

2234 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാറ്റഗറി നമ്പർ 442/09 പ്രകാരം കെ. എസ്. ആർ. ടി. സി. യിൽ വെൽഫെയർ ഓഫിസർ ഗ്രേഡ് 2 നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നതിൽ 7 വർഷം പെർമനന്റ് കണ്ടിന്യൂവസ് സർവ്വീസ് ഇല്ലാത്തവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരെയാണ് ;

(ബി) നോട്ടിഫിക്കേഷനിൽ അറിയിച്ചിരുന്നത് പ്രകാരം യോഗ്യത ഇല്ലാത്തവരെ അനധികൃതമായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;

(സി) 500 ജീവനക്കാർക്ക് 1 വെൽഫെയർ ഓഫീസർ എന്ന നിരക്കിൽ വെൽഫെയർ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കെ. എസ്. ആർ. ടി. സി. യിൽ ഗ്രേഡ് 2 വെൽഫെയർ ഓഫീസർമാരുടെ എത്ര ഒഴിവുണ്ട് എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

തൊഴിലാളി സംഘടനകൾ
സമർപ്പിച്ച അവകാശ പത്രിക

2235 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന തൊഴിലാളി സംഘടനകൾ ഒരു അവകാശ പത്രിക സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സംഘടനാ പ്രതിനിധികളുമായി കൂടിയാലോചന നടത്തിയോ ;

(സി) ഇല്ല എങ്കിൽ കൂടിയാലോചന നടത്താൻ അടിയന്തിര നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>റോഡപകടം ഒഴിവാക്കുന്നതിനുള്ള നടപടികൾ</u>

2236 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47 നെയ്യാറ്റിൻകര ആറാലുമൂട് മുതൽ കൂട്ടപ്പന വരെയുള്ള ഭാഗത്ത് നിത്യവും ഉണ്ടാകുന്ന റോഡപകടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭാഗത്തെ റോഡപകടം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സ്ഥലം നിയമസഭാംഗം ഗതാഗത വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കാനുള്ള നടപടി

2237 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിനും കോഴിക്കോടിനും ഇടയ്ക്ക് നാഷണൽ ഹൈവേയുടെ സമീപത്ത് കെ.എസ്.ആർ.ടിസി. ഓപ്പറേറ്റിംഗ് സെന്ററോ, ഡിപ്പോയോ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എടപ്പാളിലുള്ള കെ.എസ്.ആർ.ടി.സി. യുടെ സ്ഥലസൗകര്യം ഉപയോഗപ്പെടുത്തി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയ്ക്ക് പുതിയ ബസുകൾ</u>

2238

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് പുതുതായി ഈ വർഷം എത്ര ബസുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു;

(ബി) പുതിയ ബസുകളുടെ വിതരണത്തിൽ മലപ്പുറം ജില്ലയിലെ ഡിപ്പോകൾക്കു മുൻഗണന നൽകുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മലബാർ മേഖലയിലെ യാത്രാക്ലേശം</u>

2239 ശ്രീ. പി.ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്. ആർ.ടി.സി. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ മേഖലയിൽ പൊതുവിലും മലപ്പുറം ജില്ലയിൽ പ്രത്യേകിച്ചും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവ്വീസ് താരതമ്യേന കുറവാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും ഉൾപ്രദേശ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനും കെ.എസ്.ആർ.ടി.സി. മിനി ബസ്സുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വിദ്യാര്‍ത്ഥികള്‍ക്കുള്ള കണ്‍സഷന്‍ ടിക്കറ്റ്</u>

2240 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. ബസ്സുകളില്‍ വിദ്യാര്‍ ത്ഥികള്‍ക്ക് കണ്‍സഷന്‍ അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങള്‍ വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയില്‍ കെ.എസ്.ആര്‍.ടി.സി. ബസ്സുകളില്‍ ഈ വര്‍ഷം വിദ്യാര്‍ത്ഥികള്‍ക്കുള്ള കണ്‍സഷന്‍ പാസ്സ് എത്രയെണ്ണം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിലെ യാത്രാക്ലേശം പരിഗണിച്ച് വിദ്യാര്‍ ത്ഥികള്‍ക്കുള്ള യാത്രാപാസ്സ് ക്വാട്ട വര്‍ദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കാസർകോട്-മംഗലാപുരം ബസ് സർവ്വീസുകൾ

2241 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട്-മംഗലാപുരം റൂട്ടിൽ എത്ര സർക്കാർ ബസ് സർവ്വീസുകൾ വീതം നടത്തുവാനാണ് കേരള-കർണാടക സർക്കാറുകൾ തമ്മിൽ കരാർ ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഓരോ സംസ്ഥാനത്തെയും എത്ര വീതം ബസ്സുകളാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നതെന്ന് വിശദമാക്കാമോ ;

(സി) കേരള സർക്കാരിന്റെ ബസ്സുകൾ സർവീസ് നടത്തുന്നതിന്റെ എണ്ണത്തിൽ കുറവ് വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കുറവ് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ടൗൺ ടു ടൗൺ ബസ്സുകൾക്ക് ഫെയർസ്റ്റേജ്</u>

2242 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിൽ കെ.എസ്.ആർ.ടി.സി. ടൗൺ ടു ടൗൺ ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫെയർ സ്റ്റേജ് അനുവദിക്കാൻ വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ഫെയർസ്റ്റേജ് അനുവദിക്കാൻ തടസ്സമെന്താണ്;

(ഡി) ഫെയർ സ്റ്റേജ് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ലോ ഫ്ളോർ സർവ്വീസുകൾ</u>

2243 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിൽ തിരുവനന്തപുരം - കിളിമാനൂർ റൂട്ടിൽ എത്ര ലോ ഫ്ളോർ, (എ. സി. , നോൺ എ. സി.) ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) പ്രസ്തുത സർവ്വീസുകളുടെ പ്രതിദിന കളക്ഷൻ എത്ര രൂപയാണ്;

(സി) പ്രസ്തുത ലോ ഫ്ളോർ സർവ്വീസുകൾ കൊട്ടാരക്കര ഡിപ്പോവരെ ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>വടകര താലൂക്കിലെ യാത്രാക്ലേശം</u>

2244 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ എത്ര സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും 01.06.2011 മുതൽ എത്ര സ്വകാര്യ ബസുകൾ സർവ്വീസ് നിർത്തിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ബസുകൾ സർവ്വീസ് നിർത്തിവെക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. യുടെ വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

കോഴിക്കോട് - പേരാമ്പ്ര - കുറ്റ്യാടി റൂട്ടിൽ യാത്രാ ക്ലേശം

2245 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - പേരാമ്പ്ര - കുറ്റ്യാടി റൂട്ടിൽ യാത്രാ ക്ലേശം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റൂട്ടിൽ പ്രൈവറ്റ് ബസ്സുകൾ ട്രിപ്പുകൾ മുടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റൂട്ടിൽ നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; നേരത്തെ എത്ര ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു;

(ഇ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കാലപ്പഴക്കം ചെന്ന ബസ്സുകൾ</u>

2246 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എത്ര ഫാസ്റ്റ് പാസഞ്ചർ ബസുകളാണ് സർവ്വീസ് നടത്തുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബസ്സുകളുടെ കാലപ്പഴക്കം എത്രയാണ്; ഏറെ കാലപ്പഴക്കം ചെന്ന ബസ്സുകളായതിനാൽ സർവ്വീസ് സുഗമമായി നടത്തുവാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഓർഡിനറി ബസ്സുകളുടെ എണ്ണവും കാലപ്പഴക്കവും അറിയിക്കുമോ; ഏറെ പഴക്കം ചെന്ന ബസ്സുകൾ പ്രസ്തുത ഡിപ്പോയിൽ ഉണ്ടെന്ന വിവരം പരിഗണിച്ച് കൂടുതൽ ബസുകൾ അനുവദിക്കുവാൻ സന്നദ്ധമാകുമോ;

(ഡി) ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി തുടങ്ങിയ ബസ്സുകൾക്ക് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കാലപ്പഴക്കം നിശ്ചയിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പുതിയ ബസ് സർവ്വീസുകൾ</u>

2247 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ പുതുതായി ബസ് റൂട്ടുകൾ ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എത്രയെണ്ണം അനുവദിച്ചുവെന്നും, ഏതൊക്കെ റൂട്ടുകൾ ആണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ</u>

2248 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി വഴി തമിഴ്നാട്ടിലെ കോയമ്പത്തൂർ, തിരുപ്പൂർ എന്നീ സ്ഥലങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ കേന്ദ്രമായ കുത്താമ്പുള്ളിയിൽ നിന്നും ദിവസവും വളരെയധികം ആളുകൾ തമിഴ്നാട്ടിലെ പ്രസ്തുത സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്ന വിവരം അറിയുമോ;

(സി) അന്തർ സംസ്ഥാന ബസ് സർവ്വീസുകൾക്കുള്ള പുതിയ കരാർ ഒപ്പിടുമ്പോൾ പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശവും പരിഗണിക്കാമെന്ന കെ.എസ്.ആർ.ടി.സി. അധികൃതരുടെ ഉറപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വർഷം തന്നെ തമിഴ്നാട് സർക്കാരുമായുള്ള കരാറിൽ കുത്താമ്പുള്ളിയിൽ നിന്നും കോയമ്പത്തൂർ, തിരുപ്പൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള പുതിയ ബസ് സർവ്വീസുകളും പരിഗണിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>രാത്രികാല സർവ്വീസ് നടത്താൻ നടപടി</u>

2249 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിൽ നിന്നും മാനന്തവാടി, സുൽത്താൻ ബത്തേരി എന്നീ ഭാഗങ്ങളിലേയ്ക്ക് രാത്രി എട്ട് മണി കഴിഞ്ഞാൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്;

(ബി) വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക് കാരണം കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര ബസ്സുകളുടെ സർവ്വീസ് നിലയ്ക്കുന്ന സാഹചര്യത്തിൽ വയനാട് ഡിപ്പോയിൽ നിന്നും കൂടുതൽ രാത്രികാല സർവ്വീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഒറ്റപ്പാലം തൃശൂര്‍ റൂട്ടില്‍ ബസ് സര്‍വ്വീസ്

2250 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒറ്റപ്പാലം തൃശൂര്‍ റൂട്ടില്‍ കെ.എസ്.ആര്‍.ടി.സി. യുടെ എത്ര ബസുകള്‍ സര്‍വ്വീസ് നടത്തുന്നുണ്ട് ;

(ബി) പ്രസ്തുത റൂട്ടില്‍ കെ.എസ്.ആര്‍.ടി.സി. യുടെ ചെയിന്‍ സര്‍വ്വീസ് തുടങ്ങുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ;

(സി) ചെയിന്‍ സര്‍വ്വീസ് തുടങ്ങുന്നതിനായി എത്ര ബസുകളാണ് അനുവദിച്ചത് ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഒറ്റപ്പാലം ശ്രീകൃഷ്ണപുരം മണ്ണാര്‍ക്കാട് ഭാഗത്തേക്ക് നിലവില്‍ കെ.എസ്.ആര്‍.ടി.സി. ബസ് റൂട്ടുകള്‍ അനുവദിച്ചിട്ടുണ്ടോ ; എത്ര ബസുകള്‍ സര്‍വ്വീസ് നടത്തുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

സൂപ്പർ ഫാസ്റ്റ് സർവ്വീസ് ആരംഭിക്കാൻ നടപടി

2251 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുക്കാട് സ്റ്റേഷന്റെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ യാത്രാ സൗകര്യം വരദ്ധിപ്പിക്കുന്നതിനും, പാലപ്പിള്ളിയിൽ നിന്നും വെള്ളിക്കുളങ്ങരയിൽ നിന്നും ആലപ്പുഴ വഴി രണ്ട് സൂപ്പർ ഫാസ്റ്റ് ബസ്സുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഗുരുവായൂരിൽ നിന്ന് കോഴിക്കോട്ടേക്ക് പുതിയ സർവ്വീസ്

2252 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിന്ന് കോഴിക്കോട് മേഖലയിലേക്ക് വേണ്ടത്ര സർവ്വീസുകളില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീർത്ഥാടന കേന്ദ്രമെന്ന നിലയിൽ ഗുരുവായൂരിൽ നിന്ന് കോഴിക്കോട് മേഖലയിലേക്ക് പുതിയ സർവ്വീസുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിലേയ്ക്ക് ഗുരുവായൂരിൽ നിന്ന് പുതിയ സർവ്വീസുകൾ തുടങ്ങുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ലോ ഫ്ളോർ ബസ് സർവ്വീസ്

2253 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കെ. എസ്. ആർ. ടി. സി. യുടെ ലോ ഫ്ളോർ ബസ്സുകൾ ഒന്നും നിലവിൽ സർവ്വീസ് നടത്തുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂരിൽ നിന്നും ജില്ലയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് കെ. എസ്. ആർ. ടി. സി. യുടെ ലോ ഫ്ളോർ ബസ്സുകളുടെ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കണ്‍സഷന്‍ കൗണ്ടര്‍ മാറ്റാന്‍ നടപടി</u>

2254 ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ആര്‍. ടി. സി.യുടെ കല്‍പ്പറ്റ ഡിപ്പോയില്‍ നിന്നും വിദ്യാര്‍ത്ഥികള്‍ക്ക് കണ്‍സഷന്‍ നല്‍കുന്നതിനുള്ള കൗണ്ടര്‍ പുതിയ ബസ് സ്റ്റാന്റിലേക്ക് മാറ്റിയതുമൂലം വിദ്യാര്‍ത്ഥികള്‍ നേരിടുന്ന ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഏകദേശം അറുപത് രൂപ ഒട്ടോ ചാര്‍ജ്ജ് നല്‍കിയാണ് വിദ്യാര്‍ത്ഥികള്‍ പ്രസ്തുത ഓഫീസിലെത്തി കണ്‍സഷന് അപേക്ഷിക്കുന്നതെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാര്‍ത്ഥികള്‍ക്കുള്ള കണ്‍സഷന്‍ വിതരണം ടൗണിന്റെ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന പഴയ ബസ് സ്റ്റാന്റിലുള്ള സ്റ്റേഷന്‍ ഓഫീസറുടെ ഓഫീസിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ട്രാൻസ്പോർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി</u>

2255 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല, അന്താരാഷ്ട്ര വിമാനത്താവളം, ഐ.ഒ.സി. ബോട്ട്ലിംഗ് പ്ലാന്റ്, സമസ്താലയം എന്നിവ സ്ഥിതി ചെയ്യുന്നതും ആയിരക്കണക്കിനാളുകൾ നിത്യവും വന്നു പോകുന്നതുമായ യൂണിവേഴ്സിറ്റിയുടെ പരിസര പ്രദേശത്ത് ഒരു ട്രാൻസ്പോർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.യുടെ സേവനം ഒട്ടും ലഭ്യമല്ലാത്തതുകൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുമോ;

(സി) മലപ്പുറത്തുനിന്നും കോഴിക്കോട് നിന്നും തിരൂർ, മഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും വള്ളിക്കുന്ന്, യൂണിവേഴ്സിറ്റി, അത്താണിക്കൽ, പരപ്പനങ്ങാടി, പള്ളിക്കൽ ബസാർ, കാറ്റാടി പറമ്പിൽ പീടിക, കരിപ്പൂർ തുടങ്ങിയ പ്രദേശങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ലോ ഫ്ളോർ ബസ്സ് സർവ്വീസ്</u>

2256 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിൽ വേണ്ടത്ര ബസ്സ് സർവ്വീസുകൾ ഇല്ലാത്തതിനാൽ യാത്രാക്ലേശം അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ ലോ ഫ്ളോർ ബസ്സുകൾ കാസർഗോഡ് നഗരത്തിൽ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>സര്‍വ്വീസ് ദീര്‍ഘിപ്പിക്കാന്‍ നടപടി</u>

2257 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എറണാകുളത്തു നിന്നും പൂത്തോട്ട വരെ സര്‍വ്വീസ് നടത്തുന്ന ലോ ഫ്ളോര്‍ ബസുകള്‍ പ്രധാന കേന്ദ്രമായ വൈക്കം വരെ നീട്ടുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ;

(ബി) എറണാകുളത്തു നിന്നും സര്‍വ്വീസ് തുടങ്ങി അരയന്‍കാവില്‍ അവസാനിപ്പിക്കുന്ന ലോഫ്ളോര്‍ ബസുകള്‍ തൊട്ടടുത്ത പ്രധാന കേന്ദ്രമായ തലയോലപ്പറമ്പു വരെ നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

ബസ്സ്-ബേ കൾ നിർമ്മിക്കുന്നതിന് നടപടി

2258 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്രധാന നിരത്തുകളിൽ ബസ്സ്-ബേ ഇല്ലാത്തത് കാരണം യാത്രക്കാർക്ക് കയറാനും ഇറങ്ങാനും പ്രയാസമുണ്ടാകുന്നതും അപകടങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി പ്രധാന സ്റ്റോപ്പുകളിൽ ബസ്സ്-ബേ കൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ട്രാൻസ്പോർട്ട് സർവ്വീസിന്റെ
അപര്യാപ്തത</u>

2259

ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ട്രാൻസ്പോർട്ട് സർവ്വീസിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. യ്ക്ക് പുതിയ സർവ്വീസ് നടത്താൻ സാധിക്കാത്ത സ്ഥിതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കൂടുതൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ഹരിപ്പാട് മാവേലിക്കര റൂട്ടിൽ ബസ് സർവ്വീസും ഡിപ്പോയിൽ എ.ടി.എം. സെന്ററും</u>

2260 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഡിപ്പോയിൽ എ.ടി.എം. സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ശബരിമല മണ്ഡലകാലത്തിന് മുൻപ് സ്വീകരിക്കുമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(ബി) യാത്രക്കാരുടെ ആവശ്യം കൂടി കണക്കിലെടുത്ത് മാവേലിക്കര നിന്നും ബാംഗ്ലൂർ സർവ്വീസിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കര ഡിപ്പോയിൽ ജീവനക്കാരുടെയും ബസ്സിന്റെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം;

(ഡി) ഹരിപ്പാട്-മാവേലിക്കര അടൂർ-കൊട്ടാരക്കര ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുമോ; ഇതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ;

(ഇ) ശബരിമല മണ്ഡലകാലത്തിന് മുൻപായി ഇടത്താവളമായ പടനിലത്തു നിന്നും പന്തളം വഴി പുതുതായി ബസ്സുകൾ അനുവദിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ബസ്സ് പാർക്കിംഗിനായി സ്ഥലം</u>

2261 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയ്ക്കായി ഉള്ള സ്ഥലം ആകെ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കുറച്ച് സ്ഥലം കാടുകയറിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലം ബസ് പാർക്കിംഗിനായി സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വിദ്യാര്‍ത്ഥികള്‍ക്ക് കണ്‍സഷന്‍ നല്‍കാന്‍ നടപടി</u>

2262 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ ഡിപ്പോയില്‍ നിന്നും പിണങ്ങോട് കോട്ടത്തറ ഭാഗങ്ങളിലേക്ക് എത്ര ബസ്സുകള്‍ സര്‍വ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആര്‍.ടി.സി. സര്‍വ്വീസ് മാത്രമുള്ള പ്രസ്തുത പ്രദേശങ്ങളിലെ വിദ്യാര്‍ത്ഥികള്‍ക്ക് യഥാസമയം സ്കൂളിലും തിരിച്ച് വീട്ടില്‍ എത്തുന്നതിനും സഹായകരമായ വിധത്തില്‍ സര്‍വ്വീസുകള്‍ നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത സ്ഥലങ്ങളിലേക്കും തിരിച്ചും സര്‍വ്വീസ് നടത്തുന്ന കെ.എസ്.ആര്‍.ടി.സി ബസ്സുകളില്‍ വിദ്യാര്‍ത്ഥികള്‍ക്ക് കണ്‍സഷന്‍ നല്‍കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പുതിയ ബസുകൾ അനുവദിക്കാൻ നടപടി</u>

2263 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും അതിനാവശ്യമായ ബസുകളുടെ എണ്ണം എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിലവിൽ എത്ര ബസുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്;

(സി) നിലവിലുള്ള ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിനും പുതുതായി റൂട്ടുകൾ അനുവദിക്കുന്നതിനും ആവശ്യമായ ബസുകൾ പയ്യന്നൂർ ഡിപ്പോയിലേക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ആർ.ടി. ഓഫീസുകളുടെ നവീകരണം</u>

2264 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആർ.ടി.ഓഫീസുകളിലെ അപേക്ഷാ സംവിധാനം ഓൺലൈനാക്കുമോ;

(ബി) കാലതാമസം ഒഴിവാക്കുന്നതിന് സേവനങ്ങൾക്ക് നിശ്ചിത കാലാവധി വയ്ക്കുന്നത് പരിഗണിക്കുമോ;

(സി) പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം ജനകീയ ഓഡിറ്റിംഗിന് വിധേയമാക്കുമോ;

(ഡി) വെഹിക്കിൾ ചെക്ക് പോസ്റ്റുകളിൽ വെബ് ക്യാമറ സ്ഥാപിക്കുമോ;

(ഇ) വെഹിക്കിൾ ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന് പബ്ലിക് ഡിസ്പ്ലേ വേ ബ്രിഡ്ജ് സംവിധാനം നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വാഹന രജിസ്ട്രേഷൻ നിരക്കുകൾ</u>

2265 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന രജിസ്ട്രേഷന് സർക്കാർ അംഗീകരിച്ചിട്ടുളള നിരക്കുകൾ എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) തലസ്ഥാന നഗരിയിലെ ആർ.റ്റി. ഓഫീസിൽ മാത്രം പ്രതിദിനം ശരാശരി എത്ര നാലുചക്രവാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്; വ്യക്തമാക്കുമോ:

(സി) വാഹന വില്പന നടത്തുന്ന ഡീലർമാർ രജിസ്ട്രേഷൻ ആൻഡ് ഹാൻഡിലിംഗ് ചാർജ് എന്ന പേരിൽ അമിതമായി ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് അടിയന്തിരമായി അന്വേഷണം നടത്തി ഇത്തരം പ്രവണത അവസാനിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വാഹന രജിസ്ട്രേഷന് അഡ്രസ്സ് പ്രൂഫ്</u>

2266 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹന രജിസ്ട്രേഷന് അഡ്രസ്സ് പ്രൂഫ് നൽകുന്നതിൽ വ്യക്തമായ വിവരങ്ങൾ ഇല്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഡ്രസ്സ് പ്രൂഫിന് സർക്കാർ ജീവനക്കാർക്ക് അവരുടെ ഔദ്യോഗിക തിരിച്ചറിയിൽ കാർഡ് തെളിവായി ആർ. ടി. ഒ. ഓഫീസിൽ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വാഹന രജിസ്ട്രേഷൻ കഴിഞ്ഞാൽ ആർ. സി. ബുക്ക് എത്രയുംവേഗം അവരുടെ പ്രസന്റ് അഡ്രസ്സിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>സുരക്ഷാ പരിഷ്കരണ പരിപാടി</u>

2267 ശ്രീ. സി.പി. മുഹമ്മദ്
,, എ.റ്റി. ജോർജ്
,, വി.പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിൽ എന്തെല്ലാം സുരക്ഷാ പരിഷ്കരണ പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വാഹനങ്ങളുടെ ക്രമാതീതമായ വർദ്ധന കണക്കിലെടുത്ത് എൻഫോഴ്മെന്റ് വിംഗ് ശക്തിപ്പെടുത്താൻ നടപടി എടുക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>അപകട വിമുക്ത നിരത്തുകൾ</u>

2268 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) അപകട വിമുക്ത നിരത്തുകൾ എന്ന ലക്ഷ്യം മുൻനിർത്തി എന്തെങ്കിലും കർമ്മ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നുവോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>റോഡപകടങ്ങൾ</u>

2269 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - മംഗലാപുരം ദേശീയ പാതയിൽ റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പ്രസ്തുത പാതയിൽ സംസ്ഥാനാതിർത്തിക്കുള്ളിൽ എത്ര അപകടങ്ങൾ സംഭവിച്ചുവെന്നും അതിൽ എത്ര പേർ മരിച്ചു എന്നും വ്യക്തമാക്കുമോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വാഹന രജിസ്ട്രേഷൻ</u>

2270 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള ലോറികൾ അയൽ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോറികൾ അയൽ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുമ്പോൾ നികുതിയിൽ വലിയ വ്യത്യാസം ഉള്ളതുമൂലം ഇത്തരം രജിസ്ട്രേഷനു പിന്നിൽ വൻ ലോബി പ്രവർത്തിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) വ്യാവസായികാവശ്യത്തിന് അയൽ സംസ്ഥാനങ്ങളിൽ ചെറുകിട സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രസ്തുത മേൽ വിലാസത്തിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന രീതിയും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നികുതി കുറവിനു പുറമേ കേരളത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള സ്പീഡ് ഗവർണർ, തൊഴിലാളി ക്ഷേമനിധി എന്നിവ വേണ്ടാത്തതും വാഹനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിന് കാരണമാകുന്നു എന്ന കാര്യം പരിശോധിക്കുമോ;

(ഇ) കേരളത്തിൽ നിന്ന് വാഹനങ്ങൾ രജിസ്റ്റർ ചെയ്യാൻ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

## ഡ്രൈവിംഗ് ടെസ്റ്റും ഫിറ്റ്നസ് പരിശോധനയും

2271 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് ആർ.ടി.ഒ. ഓഫീസിനു കീഴിൽ പയ്യന്നൂരിൽ ഡ്രൈവിംഗ് ടെസ്റ്റും, ഫിറ്റ്നസ് പരിശോധനയും പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) പയ്യന്നൂരിൽ ഡ്രൈവിംഗ് ടെസ്റ്റും, ഫിറ്റ്നസ് പരിശോധനയും പുന:സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വാഹന നിയമങ്ങൾ</u>

2272 ശ്രീ. സി. മോയിൻകുട്ടി
,, എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിനായി വാഹന നിയമങ്ങൾ കർശനമായി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്;

(സി) മദ്യപിച്ച് വാഹനമോടിക്കുന്നതു തടയാൻ ആധുനിക സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) നമ്പർപ്ലേറ്റ് സ്ഥാപിക്കേണ്ട സ്ഥാനത്ത് സ്ഥാപിക്കപ്പെടാതെയും സ്പെസിഫിക്കേഷൻ പാലിക്കാതെ വികൃതമായി നമ്പർ പ്രദർശിപ്പിക്കുന്നതിനുമെതിരെ എന്തു നടപടിയാണ് സ്വീകരിക്കാറുള്ളത്;

(ഇ) കാർ, എസ്.യു.വി., മറ്റു വാഹനങ്ങൾ എന്നിവയിൽ ഉപയോഗിക്കാവുന്ന സൈഡ്ഗ്ലാസുകൾ സംബന്ധിച്ച സ്പെസിഫിക്കേഷന്റെ വിശദവിവരം നൽകാമോ; ഇത് ലംഘിക്കുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ജലഗതാഗതം

2273 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ജലഗതാഗതം ആരംഭിക്കുന്ന കാര്യം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന് വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കഠിനംകുളം കായലിലെ ബോട്ട് സർവ്വീസ് സംബന്ധിച്ച് നടപടി</u>

2274 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മംഗലപുരം, ചിറയിൻകിഴ്, കഠിനംകുളം, അഴൂർ, കടയ്ക്കാവൂർ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കഠിനംകുളം കായലിലെ ബോട്ട് സർവ്വീസ് സംബന്ധിച്ച് ജലഗതാഗത വകുപ്പിന്റെ പരിഗണനയിലുളള പ്രൊപ്പോസലിന്റെ വിശദാംശം വ്യക്താമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് വകുപ്പിന്റെ മുമ്പാകെയുളള പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസലുകളുടേയും പഠനറിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുളള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സർവ്വീസ് ആരംഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ എന്നുമുതൽ പ്രസ്തുത സർവ്വീസ് ആരംഭിക്കാൻ കഴിയും എന്ന് പറയാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ജലഗതാഗതം പുനരാരംഭിക്കാൻ നടപടി</u>

2275 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് - പൊന്നാരിമംഗലം ഭാഗങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ജലഗതാഗതം പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ജലപാത നവീകരണം</u>

2276 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, പി. തിലോത്തമൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലപാതകളും തീരക്കടലും ഗതാഗത മാർഗ്ഗമാക്കുന്നതിന്, എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഗതാഗത മാർഗ്ഗം ഉണ്ടാക്കുന്നതിലൂടെ റോഡിലെ വാഹനത്തിരക്ക് ഒഴിവാക്കാൻ കഴിയുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

മിനി പമ്പയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

2277 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വടക്കൻ മേഖലയിലൂടെ ശബരിമല തീർത്ഥാടനത്തിനെത്തുന്ന ഭക്തർ പുണ്യ സ്നാനത്തിനായി തെരഞ്ഞെടുത്ത പ്രദേശമാണ് തവനൂർ പഞ്ചായത്തിലെ മിനി പമ്പ എന്ന കാര്യം ശ്രദ്ധയിൽ ഉണ്ടോ;

(ബി) ഇവിടെ ഭക്തജനങ്ങൾക്ക് അസൗകര്യം ഉള്ളതും ഓരോ വർഷവും നിരവധി ഭക്തർ ഇവിടെ മുങ്ങി മരിക്കാറുണ്ടെന്നുള്ള കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തവനൂർ പഞ്ചായത്തിലെ മിനി പമ്പയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി ഭാരതപ്പുഴയുടെ തീരത്ത് പാലത്തിന് 500 മീറ്റർ നീളത്തിൽ ഇരുവശങ്ങളിലേക്കുമായി, കെട്ടി സംരക്ഷിക്കുമ്പോൾ ലഭിക്കുന്ന സ്ഥലത്ത് വിശാലമായ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ

2278 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ കാലങ്ങളിൽ ശബരിമല തീർത്ഥാടകർക്ക് അനുഭവപ്പെട്ട വിഷമതകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ദേവാരണ്യം പദ്ധതി</u>

2279 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വക ഭൂമിയിൽ വനവൽക്കരണം നടത്തുന്നതിന് ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് ;

(ബി) ഹരിതകേരളം, ദേവാരണ്യം പദ്ധതിയുടെ കീഴിൽ ഏതൊക്കെ ദേവസ്വം ഭൂമികളിൽ എത്ര ഹെക്ടർ സ്ഥലത്ത് വനവൽക്കരണം നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) എത്ര ഹെക്ടർ സ്ഥലത്ത് വനവൽക്കരണം പൂർത്തിയായി ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ശബരിമല മാസ്റ്റർപ്ലാൻ</u>

2280

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർപ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ശബരിമല മാസ്റ്റർപ്ലാനിന്റെ റോഡുപണി ഉൾപ്പെടെയുള്ള ഒന്നാംഘട്ട വികസനത്തിനുള്ള പണികൾ പൂർത്തിയാക്കാൻ ആരെയാണ് ഏല്പിച്ചിട്ടുള്ളത്;

(സി) മാസ്റ്റർപ്ലാൻ പൂർത്തിയാക്കാൻ വിവിധ വകുപ്പുകളുടെ ഏജൻസികളുമായി സഹകരിച്ച് പണികൾ ഏല്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ക്ഷേത്ര കലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് നടപടി</u>

2281 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്ര കലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് 2011-12 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് എവിടെയാണ് സ്ഥാപിക്കുന്നതെന്നും ഇതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ഗുരുവായൂർ ദേവസ്വം ബോർഡ് പ്രതിനിധി തെരഞ്ഞെടുപ്പ്</u>

2282 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഗുരുവായൂർ ദേവസ്വം ബോർഡിലേക്ക് ജീവനക്കാരുടെ പ്രതിനിധിയായി തെരഞ്ഞെടുത്തത് ആരെയെന്ന് വെളിപ്പെടുത്താമോ;

(ബി) ദേവസ്വം ബോർഡിലേക്ക് ജീവനക്കാരുടെ പ്രതിനിധിയെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ബോർഡിൽ ജീവനക്കാരുടെ പ്രതിനിധിയായി തെരഞ്ഞെടുത്തയാൾക്കെതിരെ നിരവധി പരാതികൾ ഉയർന്നുവന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) പ്രസ്തുത പ്രതിനിധി ഏതെങ്കിലും കേസുകളിൽ പ്രതിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഗുരുവായൂർ ക്ഷേത്രഭരണ സമിതിയിൽ നോമിനേറ്റ് ചെയ്ത പ്രതിനിധി

2283 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രഭരണ സമിതിയിലേക്ക് ജീവനക്കാരുടെ പ്രതിനിധിയായി സർക്കാർ നോമിനേറ്റ് ചെയ്ത വ്യക്തി അനാശാസ്യ പ്രവർത്തനത്തിനും ചാവക്കാട് മുൻസിഫിനോട് അപമര്യാദയായി പെരുമാറിയതിനും ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേസിന്റെ സ്ഥിതി പൂർണ്ണമായി മനസ്സിലാക്കിതന്നെയാണോ പ്രസ്തുത വ്യക്തിയെ നോമിനേറ്റ് ചെയ്തതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>മലബാറിലെ ക്ഷേത്ര കലാകാരൻമാർക്ക് സഹായധനം</u>

2284 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലബാറിലെ ക്ഷേത്ര സ്ഥാനീയർക്കും കഴകക്കാർക്കും, തെയ്യം കലാകാരൻമാർക്കും വിതരണം ചെയ്തുവരുന്ന സഹായധനം മാസങ്ങളായി മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് എന്ത് സഹായം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ ക്ഷേത്ര നവീകരണ പ്രവൃത്തികൾ</u>

2285 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിലെ സുപ്രസിദ്ധമായ ചെട്ടിക്കുളങ്ങര ദേവീക്ഷേത്രത്തിലെ ക്ഷേത്രക്കുളം നവീകരണം, മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കുമോ;

(ബി) മേജർ എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഏകദേശം 400 വർഷം പഴക്കമുള്ള ആനകൊട്ടിൽ, പഴയ ആഫീസ് കെട്ടിടം, പാട്ടമ്പലം എന്നിവയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) കായംകുളം പുതിയിടം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ക്ഷേത്രക്കുളത്തിന്റെയും, സദ്യാലയത്തിന്റെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ചെട്ടികുളങ്ങരയിൽ നിന്നും സർവ്വീസുകൾ നടത്തുന്നതിന് നടപടി</u>

2286

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെട്ടികുളങ്ങര കുംഭഭരണി നടക്കുന്ന ക്ഷേത്രത്തിൽ ദിനംപ്രതി എത്തുന്ന ആയിരക്കണക്കിന് ഭക്തജനങ്ങളുടെ സൗകര്യാർത്ഥം ചെട്ടികുളങ്ങരയിൽ നിന്നും വിവിധ ഭാഗങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?